# വിദ്യാഭ്യാസം സംബന്ധിച്ച ഇന്ത്യയുടെ ദേശീയനയം

എൻ. വി. കൃഷ്ണവാരിയർ

വിദ്യാഭ്യാസം സംബന്ധിച്ച് ഇന്ത്യയ്ക്ക് ഒരു ദേശീയനയമുണ്ടോ? ''ഇല്ല'' എന്നാണ് നമ്മുടെ വിദ്യാഭ്യാസ വിദഗ്ധർ ഉൾപ്പെടെ പലരും ധരിച്ചുവെച്ചിരിക്കുന്നത്. ഇതു ശരിയല്ല. ഇന്ത്യാഗവൺമെൻറ് വിദ്യാഭ്യാസത്തെസ്സംബന്ധിച്ച് സുചിന്തിതമായ ഒരു ദേശീയനയം ആവിഷ്കരിക്കുകയും നമ്മുടെ പാർലമെൻറ് ഈ നയം അംഗീകരിക്കുകയും, 1968 ജൂലായ് 24–ാംനു-യിലെ ഇന്ത്യാഗവൺമെൻറിൻെറ ഒരു അസാധാരണഗസററിൽ അതു പരസ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അത്യന്തം പുരോഗമനപരമായ ഈ ദേശീയനയപ്രഖ്യാപനത്തെപ്പററി മനസ്സിലാക്കേണ്ടിയിരിക്കുന്നു. വ്യാപകമായ ചർച്ച ഇതിനെപ്പററി നടക്കേണ്ടതാണ്.

വിദ്യാഭ്യാസ പുനസ്സംഘടനയ്ക്ക് താഴെ പറയുന്ന നാലു മുഖ്യലക്ഷ്യങ്ങളുണ്ടായിരിക്കണമെന്ന് പ്രഖ്യാപനം പറയുന്നു.

1. ജനജീവിതത്തോട് കൂടുതൽ അടുക്കത്തക്കവണ്ണം വിദ്യാഭ്യാസവ്യവസ്ഥ സമൂലം മാററിത്തീർക്കുക.

2. എല്ലാ തലങ്ങളിലും വിദ്യാഭ്യാസനിലവാരം ഉയർത്തുക.

3. ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും കൂടുതൽ ഊന്നുക.

4. ധാർമ്മികവും സാമൂഹ്യവുമായ മൂല്യങ്ങൾ പോഷിപ്പിക്കുക.

ഈ ലക്ഷ്യങ്ങൾ നേടുവാനായി താഴെപ്പറയുന്ന വ്യക്തമായ പ്രവൃത്തിപരിപാടികൾ പ്രഖ്യാപനം നിർദ്ദേശിക്കുന്നു.

1. 14 വയസ്സുവരെ എല്ലാവർക്കും വിദ്യാഭ്യാസം നിർബ്ബന്ധിതവും സൌജന്യവുമാക്കുക.

2. അദ്ധ്യാപകർക്ക് മാന്യമായ പ്രതിഫലവും, അക്കാദമീയ

സ്വാതന്ത്ര്യവും, സേവനകാല ശിക്ഷണവും നൽകുക.

3. എല്ലാതലത്തിലും വിദ്യാഭ്യാസത്തിന്റെ മാദ്ധ്യമം പ്രാദേശികഭാഷകളാക്കുക.

4. ത്രിഭാഷാസിദ്ധാന്തം കലവറകൂടാതെ നടപ്പിൽ വരുത്തുക.

5. പിന്നോക്കപ്രദേശങ്ങളിലും പിന്നോക്ക വർഗ്ഗക്കാർക്കും സ്ത്രീകൾക്കും പ്രത്യേക വിദ്യാഭ്യാസസൗകര്യം നൽകുക.

6. തൊഴിൽപ്പരിചയവും സാമൂഹ്യസേവനവും വിദ്യാഭ്യാസത്തിന്റെ അവിഭാജ്യഭാഗമാക്കുക.

7. കൃഷിയിലും വ്യവസായത്തിലും ശിക്ഷണം നൽകുകയും, കൃഷി—വ്യവസായസർവ്വകലാശാലകളെ ഉല്പാദനവുമായി ബന്ധപ്പെടുത്തുകയും ചെയ്യുക.

8. പരീക്ഷാസമ്പ്രദായം പരിഷ്കരിക്കുക.

9. സാധാരണ പൗരന്മാർക്ക് വിദ്യാഭ്യാസം തുടർന്നു ലഭിക്കാൻ പാർട്ട്-ടൈം കോഴ്സുകളും കറസ്പോണ്ടൻസ് കോഴ്സുകളും ഏർപ്പെടുത്തുക.

10. സാക്ഷരതാ പ്രചരണവും വയോജനവിദ്യാഭ്യാസവും നടപ്പിൽ വരുത്തുക.

ഈ പരിപാടികൾ കേരളം ഉൾപ്പെടെ ഇന്ത്യയിലെ സ്റ്റേറ്റുഗവൺമെന്റുകൾ നടപ്പിൽ വരുത്തുന്നുണ്ടോ എന്നതു്, പക്ഷേ, മറ്റൊരുകാര്യമാണ്. ജനാധിപത്യത്തിനു നൽകേണ്ട വില ഇളവില്ലാത്ത ജാഗ്രതയാണെന്നു പറയാറുണ്ട്. വിദ്യാർത്ഥികളും അദ്ധ്യാപകരും വിദ്യാഭ്യാസതല്പരരായ പൗരന്മാരും ഇളവില്ലാത്ത ജാഗ്രത പുലർത്തുമെങ്കിൽ, നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തെ, ഇന്ത്യയുടെ ദേശീയവിദ്യാഭ്യാസനയപ്രഖ്യാപനത്തിന്റെ ചട്ടക്കൂട്ടിനുള്ളിൽ വെച്ചുതന്നെ, പുനസ്സംഘടിപ്പിച്ച് പ്രയോജനകരവും കാലോചിതയുക്തമാക്കിത്തീർക്കാൻ കഴിയുമെന്നാണ് എന്റെ അഭിപ്രായം.

ദേശീയപ്രഖ്യാപനത്തിന്റെ ശരിത്തർജ്ജമ 1970 ആഗസ്റ്റിലെ ''വിജ്ഞാനകൈരളി''യിൽ പ്രസിദ്ധംചെയ്തതു് പൂർണ്ണമായി താഴെ ഉദ്ധരിക്കുന്നു.

ഭാരതീയസമുദായം വിദ്യാഭ്യാസത്തിന് എക്കാലത്തും സംപൂജ്യമായൊരു സ്ഥാനം കല്പിച്ചുപോന്നിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ മൗലികധർമ്മങ്ങളെക്കുറിച്ചു തികച്ചും ബോധവാന്മാരായിരുന്നു. നമ്മുടെ സ്വാതന്ത്ര്യസമരനേതാക്കന്മാർ. ദേശീയവികസനത്തിൽ



അതിനുള്ള പരമപ്രാധാന്യത്തെക്കുറിച്ച് അവർ ആവർത്തിച്ചു് ഊന്നിപ്പറഞ്ഞിരുന്നു. ഗാന്ധിജി, ശാരീരികവും ബുദ്ധിപരവുമായ പ്രവർത്തനങ്ങളെ സമാരഞ്ജനം ചെയ്തുകൊണ്ടുള്ള ഒരു അടിസ്ഥാനവിദ്യാഭ്യാസപദ്ധതി ആസൂത്രണം ചെയ്തു. ജനസാമാന്യത്തിന്റെ ജീവിതവുമായി വിദ്യാഭ്യാസത്തെ നേരിട്ടിണക്കുന്ന കാര്യത്തിൽ ഇതൊരു മഹത്തായ കാൽവയ്പായിരുന്നു. സ്വാതന്ത്ര്യസമ്പാദനത്തിനു മുമ്പുതന്നെ മറ്റു പല ദേശീയ നേതാക്കന്മാരും ഇതേവിധം ദേശീയവിദ്യാഭ്യാസത്തിനു സുപ്രധാനമായ സംഭാവനകൾ നൽകിയിരുന്നു.

2. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ, ദേശീയപുരോഗതിക്കും സുരക്ഷിതത്വമുള്ള ഒരവശ്യഘടകമെന്ന നിലയിൽവിദ്യാഭ്യാസത്തിൽ കൂടുതൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുക എന്നതു് ഇന്ത്യാഗവണ്മെന്റിന്റെയും സംസ്ഥാനഗവണ്മെന്റുകളുടെയും ഒരു പ്രധാന ചുമതലയായിത്തീർന്നു. വിദ്യാഭ്യാസപുനസ്സംവിധാനത്തിന്റെ പ്രശ്നങ്ങൾ പല കമ്മീഷനുകളുടെയും കമ്മിറ്റികളുടെയും നിഷ്കൃഷ്ടപരിഗണനയ്ക്കു വിധേയമായിട്ടുണ്ട്. ഇവയിൽ സർവ്വകലാശാലവിദ്യാഭ്യാസക്കമ്മീഷന്റെയും (1948-49) സെക്കൻഡറി വിദ്യാഭ്യാസക്കമ്മീഷന്റെയും (1952-53) കാര്യം എടുത്തു പറയേണ്ടതുണ്ട്. തുടർന്ന് ഈ കമ്മീഷനുകളുടെ നിർദ്ദേശങ്ങൾ നടപ്പാക്കാനുള്ള ചില നടപടികൾ സ്വീകരിക്കപ്പെട്ടു. ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഇന്ത്യയുടെ ശാസ്ത്രീയനയത്തെക്കുറിച്ചുള്ള പ്രമേയം പാസ്സായതോടെ, സാങ്കേതികവിദ്യയ്ക്കും ശാസ്ത്രീയഗവേഷണത്തിനും വിശേഷപരിഗണന ലഭ്യമായി. മൂന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാനഘട്ടത്തിൽ, വിദ്യാഭ്യാസ പുനസ്സംഘടനത്തിനായി പുതിയൊരു ദൃഢപരിശ്രമം ആരംഭിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ, നിലവിലുള്ള വിദ്യാഭ്യാസവ്യവസ്ഥയെ സമഗ്രമായി പരിശോധിക്കേണ്ടതാവശ്യമാണെന്നു പരക്കെ ബോദ്ധ്യമായി. ഇതേത്തുടർന്ന്, ''വിദ്യാഭ്യാസത്തിന്റെ ദേശീയസംവിധാനത്തെസ്സംബന്ധിച്ചും, വിദ്യാഭ്യാസത്തെ അതിന്റെ എല്ലാ തലങ്ങളിലും എല്ലാ വശങ്ങളിലും അഭിവൃദ്ധിപ്പെടുത്താനുതകുന്ന പൊതുതത്വങ്ങളെക്കുറിച്ചും പൊതുനയങ്ങളെക്കുറിച്ചും.'' ഗവണ്മെന്റിനെ ഉപദേശിക്കുവാൻ വേണ്ടി ഒരു വിദ്യാഭ്യാസക്കമ്മീ

ഷൻ (1964-66) നിയുക്തമായി. ഈ വിദ്യാഭ്യാസക്കമ്മീഷന്റെ റിപ്പോർട്ടിനെക്കുറിച്ചുള്ള വ്യാപകമായ ചർച്ചയും നിരൂപണവും ഇപ്പോഴും തുടരുകയാണ്. ഈ ചർച്ചകളിലൂടെ വിദ്യാഭ്യാസത്തിന്റെ ദേശീയനയത്തെ സംബന്ധിച്ച് സാമാന്യമായൊരു അഭിപ്രായൈക്യം ഉയർന്നു വന്നിട്ടുണ്ടെന്നു കാണുന്നതിൽ ഗവണ്മെന്റിന് സംതൃപ്തിയുണ്ട്.

3. രാജ്യത്തിന്റെ സാമ്പത്തികസാംസ്കാരികവികസനത്തിനും, ദേശീയോദ്ഗ്രഥനത്തിനും, സോഷ്യലിസ്റ്റ് സാമൂഹ്യക്രമമെന്ന ആദർശത്തിന്റെ സാക്ഷാത്കാരത്തിനും വേണ്ടി, വിദ്യാഭ്യാസക്കമ്മീഷൻ നിർദ്ദേശിച്ച ശൈലിയിലുള്ള അടിസ്ഥാനപരമായൊരു വിദ്യാഭ്യാസപുനസ്സംഘടനം അത്യാവശ്യമാണെന്ന് ഇന്ത്യാഗവണ്മെന്റിന് ബോദ്ധ്യമായിരിക്കുന്നു. ജനജീവിതത്തോട് കൂടുതലടുക്കത്തക്കവിധം വിദ്യാഭ്യാസവ്യവസ്ഥയുടെ സമൂല പരിവർത്തനം, എല്ലാ തലങ്ങളിലും വിദ്യാഭ്യാസനിലവാരം ഉയർത്താനുള്ള സ്ഥിരവും തീവ്രവുമായ പരിശ്രമം, ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും പുരോഗതിയിൽ പ്രത്യേക ഊന്നൽ, ധാർമ്മികവും സാമൂഹ്യവുമായ മൂല്യങ്ങളുടെ പരിപോഷണം എന്നിവയെല്ലാം ഇതിനു കൂടിയേ തീരൂ. ദേശീയസേവനത്തിനും ദേശീയപുരോഗതിക്കും വേണ്ടി സമർപ്പിത മനസ്സരായ, കഴിവും സ്വഭാവശുദ്ധിയും തികഞ്ഞ യുവതീയുവാക്കന്മാരെ വാർത്തെടുക്കാൻ വിദ്യാഭ്യാസവ്യവസ്ഥ സമർത്ഥമാകണം. അപ്പോൾ മാത്രമേ ദേശീയോദ്ഗ്രഥനത്തെ പോഷിപ്പിക്കുന്നതിലും, ഏകപൗരത്വബോധവും ഏകസംസ്കാരബോധവും ഉദ്ദീപിപ്പിക്കുന്നതിലും, രാഷ്ട്രപുരോഗതിയെ ത്വരിപ്പിക്കുന്നതിലും സജീവമായ പങ്കു വഹിക്കാൻ വിദ്യാഭ്യാസത്തിന് കഴിയൂ. നമ്മുടെ രാജ്യത്തിന്റെ മഹത്തായ സാംസ്കാരിക പാരമ്പര്യത്തിനും സവിശേഷ സിദ്ധികൾക്കും അനുയോജ്യമായ വിധം ലോകരാഷ്ട്രങ്ങളുടെ ഇടയിൽ നമുക്കു ശരിയായൊരു സ്ഥാനം കൈവരിക്കണമെന്നുണ്ടെങ്കിൽ ഇത് അത്യന്താപേക്ഷിതമത്രേ.

4. ആകയാൽ താഴെപ്പറയുന്ന തത്വങ്ങൾക്കനുസൃതമായി രാജ്യത്തെ വിദ്യാഭ്യാസവികസനത്തെ ത്വരിതപ്പെടുത്തുവാൻ ഇന്ത്യാഗവണ്മെന്റ് തീരുമാനിച്ചിരിക്കുന്നു.

## 1. സൗജന്യവും നിർബ്ബന്ധിതവുമായ വിദ്യാഭ്യാസം

പതിനാലുവയസ്സിൽ താഴെയുള്ള എല്ലാ കുട്ടികൾക്കും സൗ



ജന്യവും നിർബ്ബന്ധിതവുമായ വിദ്യാഭ്യാസം നൽകാനുദ്ദേശിച്ചുകൊണ്ടുള്ള ഭരണഘടനയുടെ 45-ാംവകുപ്പിലെ നിർദ്ദേശകതത്വം ആവുന്നത്രവേഗം സാക്ഷാത്കരിക്കാൻവേണ്ടി ദൃഢപരിശ്രമം ചെയ്യണം. ഇന്നു സ്കൂളുകളിലുള്ള ഗതിരോധവും ദുർവ്യയവും കുറയ്ക്കാനും, സ്കൂളിൽ ചേരുന്ന ഓരോ കുട്ടിയും നിശ്ചിത കോഴ്സ് വിജയപൂർവ്വം പൂർത്തിയാക്കുമെന്നുറപ്പുവരുത്താനും സഹായകമായ പരിപാടികൾ സമുചിതമായി ആവിഷ്കരിച്ചു നടപ്പാക്കണം.

## 2. അദ്ധ്യാപകർക്കു മാന്യമായ പ്രതിഫലവും പരിശീലനവും

a) വിദ്യാഭ്യാസത്തിന്റെ ഗുണത്തെയും ദേശീയപുരോഗതിയിലുള്ള അതിന്റെ സംഭാവനയെയും നിർണ്ണയിക്കുന്ന സർവ്വപ്രധാനമായ ഘടകം അദ്ധ്യാപകൻ ആണെന്നുള്ളതിൽ സംശയമില്ല. വിദ്യാഭ്യാസസംബന്ധമായ എല്ലാ പ്രയത്നങ്ങളുടെയും വിജയത്തിന് ആത്യന്തികമായ ആസ്പദം അദ്ധ്യാപകന്റെ വ്യക്തിവൈഭവവും, സ്വഭാവവൈശിഷ്ട്യവും വിദ്യാഭ്യാസയോഗ്യതയും, ശിക്ഷണസാമർത്ഥ്യവുമാകുന്നു. അതുകൊണ്ട് അദ്ധ്യാപകർക്കു സമുദായത്തിൽ ബഹുമാന്യമായൊരു സ്ഥാനം നൽകേണ്ടതാണ്. അദ്ധ്യാപകരുടെ ശമ്പളവും ഇതരസേവന വ്യവസ്ഥകളും തങ്ങളുടെ യോഗ്യതയ്ക്കും ഉത്തരവാദിത്വത്തിനും ചേർന്നവിധം പര്യാപ്തവും തൃപ്തികരവുമായിരിക്കണം.

b) സ്വതന്ത്രമായി പഠനങ്ങളും ഗവേഷണങ്ങളും നടത്താനും അവ പ്രസിദ്ധംചെയ്യാനും, ദേശീയവും അന്തർദ്ദേശീയവുമായ സാത്ഥകപ്രശ്നങ്ങളെക്കുറിച്ച് എഴുതാനും പ്രസംഗിക്കാനും ഉള്ള അക്കാദമീയസ്വാതന്ത്ര്യം അദ്ധ്യാപകർക്ക് സുരക്ഷിതമായിരിക്കണം.

c) അദ്ധ്യാപക ശിക്ഷണത്തിന്—വിശേഷിച്ച് ഇൻസർവ്വീസ് ശിക്ഷണത്തിന്—സമർഹമായ പ്രാധാന്യം ലഭിക്കണം.

## 3. ഭാഷകളുടെ വികസനം

a) പ്രാദേശികഭാഷകൾ :— സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പുരോഗതിക്ക് ഭാരതീയഭാഷകളുടെയും സാഹിത്യങ്ങളുടെയും ഊർജ്ജസ്വലമായ വികാസം അത്യന്താപേക്ഷിതമത്രെ. ഇതു നിർവ്വഹിക്കാത്ത പക്ഷം ജനങ്ങളുടെ ക്രിയാത്മകശക്തികൾ സ്വതന്ത്രമാവില്ല; വിദ്യാഭ്യാസനിലവാരം ഉയരുകയില്ല; അറിവു ജനസാമാന്യത്തിലേക്കു വ്യാപിക്കുകയില്ല; സർവ്വോപരി ബുദ്ധിജീവികളും സാധാരണ ജനങ്ങളും തമ്മിലുള്ള അന്തരം തുടർന്നു നിലനി

ല്പകയോ വർദ്ധിക്കുക തന്നെയോ ചെയ്യും. പ്രൈമറി-സെക്കൻഡറി തലങ്ങളിൽ ശിക്ഷണമാധ്യമമായി പ്രാദേശികഭാഷ നിലവിൽവന്നുകഴിഞ്ഞിരിക്കുന്നു. സർവ്വകലാശാലാതലത്തിൽ വിദ്യാഭ്യാസമാധ്യമമായി അവയെ സ്വീകരിക്കാനുള്ള അടിയന്തിരനടപടികൾ നാം ഇപ്പോൾത്തന്നെ കൈക്കൊള്ളണം.

b) ത്രിഭാഷാ ഫോർമുല : സെക്കൻഡറിതലത്തിൽ, സംസ്ഥാനഗവണ്മെൻറുകൾ ത്രിഭാഷാഫോർമുല അംഗീകരിക്കുകയും ഊർജ്ജിതമായി നടപ്പാക്കുകയും ചെയ്യണം. ഇതിൻപ്രകാരം ഹിന്ദി സംസാരിക്കുന്ന സംസ്ഥാനങ്ങളിൽ ഇംഗ്ലീഷും ഹിന്ദിയും കൂടാതെ ഒരു ആധുനികഭാരതീയ ഭാഷകൂടി—തെന്നിന്ത്യൻഭാഷകളിലൊന്നാണുത്തമം—അഭ്യസിച്ചിരിക്കണം; അഹിന്ദി-സംസ്ഥാനങ്ങളിൽ ഇംഗ്ലീഷിൻെറയും തദ്ദേശീയഭാഷയുടെയും ഒപ്പം ഹിന്ദിയും പഠിച്ചിരിക്കണം. ഹിന്ദിയിലോ ഇംഗ്ലീഷിലോ രണ്ടിലുമോ ഉചിതമായ കോഴ്സുകൾ എല്ലാ സർവ്വകലാശാലകളിലും കോളേജുകളിലും ഉണ്ടായിരിക്കണം. നിശ്ചിതമായ സർവ്വകലാശാലാമാനദണ്ഡമനുസരിച്ച വിദ്യാർത്ഥികളുടെ ഈ ഭാഷകളിലുള്ള പ്രാവീണ്യം വർദ്ധിപ്പിക്കാനുതകുന്ന കോഴ്സുകളായിരിക്കണം ഇവ.

c) ഹിന്ദി: ഹിന്ദിയുടെ വികസനത്തെ ത്വരിപ്പിക്കുവാൻ എല്ലാ ശ്രമങ്ങളും ചെയ്യേണ്ടതുണ്ട്. ബന്ധഭാഷയായി ഹിന്ദിയെ വികസിപ്പിച്ചെടുക്കുമ്പോൾ ഒരു കാര്യം പ്രത്യേകം ശ്രദ്ധിച്ചിരിക്കണം. ഭരണഘടനയിലെ 351-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതുപോലെ, ഭാരതത്തിൻെറ സമ്മിശ്രസംസ്കാരത്തിലെ എല്ലാ ഘടകങ്ങൾക്കും പ്രകാശനം നൽകുവാനുതകുന്ന മാധ്യമമായി ഹിന്ദി ഉപകരിക്കുമെന്ന് ഉറപ്പു വരുത്തണം. അഹിന്ദിസംസ്ഥാനങ്ങളിൽ, ഹിന്ദി ശിക്ഷണമാധ്യമമായി സ്വീകരിച്ചുകൊണ്ട് കോളേജുകളും മററ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും ആരംഭിക്കുന്നതിനെ പ്രോത്സാഹിപ്പിക്കണം.

d) സംസ്കൃതം : ഭാരതീയഭാഷകളുടെ അഭിവൃദ്ധിയിലും വികസനത്തിലും സംസ്കൃതത്തിനുള്ള പ്രത്യേക പ്രാധാന്യത്തെയും, രാജ്യത്തിൻെറ സാംസ്കാരികൈക്യത്തിനുള്ള അതിൻെറ സവിശേഷ സംഭാവനയെയും പരിഗണിച്ച്; കുറേക്കൂടി ഉദാരമായ തോതിൽ സ്കൂൾ സർവ്വകലാശാലാ തലങ്ങളിൽ സംസ്കൃതശിക്ഷണത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. സംസ്കൃതാധ്യാപനത്തിനുള്ള നൂതനസങ്കേതങ്ങളുടെ ആവിഷ്കാരത്തെ പ്രോത്സാഹിപ്പിക്കണം. സംസ്കൃത



വിജ്ഞാനം പ്രയോജനകരമായിട്ടുള്ള കോഴ്സുകളിൽ (ഉദാഹരണം : ആധുനികഭാരതീയഭാഷകൾ, പ്രാചീനേന്ത്യാചരിത്രം, ഇൻഡോളജി. ഭാരതീയദർശനങ്ങൾ തുടങ്ങിയവ) ഡിഗ്രിതലത്തിലും ഉപരിഡിഗ്രി തലത്തിലും സംസ്കൃതാഭ്യസനം ഉൾപ്പെടുത്താനുള്ള സാധ്യതകൾ കണ്ടെത്തണം.

e) അന്തർദ്ദേശീയഭാഷകൾ : ഇംഗ്ലീഷും മററ് അന്തർദ്ദേശീയഭാഷകളും പഠിക്കുന്നതിൻെറ പ്രാധാന്യം പ്രത്യേകം ഊന്നിപ്പറയേണ്ടതുണ്ട്. ആഗോളവിജ്ഞാനം—വിശേഷിച്ച് ശാസ്ത്രീയവും സങ്കേതികവുമായ വിജ്ഞാനം—അതിദ്രുതം വളർന്നുകൊണ്ടിരിക്കുകയാണ്. ഭാരതം ഈ വളർച്ചയോടു ചുവടൊപ്പിച്ച് പോയാൽ മാത്രം പോരാ. തൻെറതായ സവിശേഷ സംഭാവന ഈ രംഗത്ത് ഉളവാക്കുകയും വേണം. ഈ ലക്ഷ്യം വച്ചുകൊണ്ട് ഇംഗ്ലീഷിൻെറ പഠനം പ്രത്യേകം ഊർജ്ജിതമാക്കേണ്ടതാവശ്യമാണ്.

## 4) വിദ്യാഭ്യാസത്തിനുള്ള അവസരസമത്വം

വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ എല്ലാപേർക്കും തുല്യമായി ലഭിക്കാൻ അക്ഷീണപരിശ്രമം നടത്തേണ്ടിയിരിക്കുന്നു.

a) വിദ്യാഭ്യാസസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ വന്നിട്ടുള്ള പ്രാദേശികമായ അസമതകൾ പരിഹരിക്കണം. ഗ്രാമങ്ങളിലും മററു പിന്നോക്കപ്രദേശങ്ങളിലും വേണ്ടത്ര വിദ്യാഭ്യാസസൗകര്യങ്ങൾ എത്തിച്ചുകൊടുക്കണം.

b) സാമൂഹ്യമായ രഞ്ജിപ്പും ദേശീയോദ്ഗ്രഥനവും വളർത്താൻവേണ്ടി, വിദ്യാഭ്യാസകമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള ''പൊതുസ്കൂൾവ്യവസ്ഥ'' അംഗീകരിക്കണം. സാധാരണ സ്കൂളുകളിൽ വിദ്യാഭ്യാസനിലവാരം ഉയർത്താൻ പ്രയത്നിക്കണം. പബ്ലിക് സ്കൂളുകളെപ്പോലുള്ള എല്ലാ സ്പെഷ്യൽ സ്കൂളുകളിലും കുട്ടികളുടെ പ്രവേശനം യോഗ്യതയുടെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കണം. കൂടാതെ സാമൂഹ്യമായ വർഗ്ഗപൃഥക്കരണം ഒഴിവാക്കാൻ വേണ്ടി ഒരു നിശ്ചിതശതമാനം സീററുകളിൽ വിദ്യാർത്ഥികൾക്ക് സ്വതന്ത്രമായ യോഗ്യതാടിസ്ഥാനത്തിലുള്ള പ്രവേശനം അനുവദിച്ചിരിക്കണം. എന്നാൽ ഇതു ഭരണഘടനയുടെ 30-ാം വകുപ്പിൽപ്പറഞ്ഞിരിക്കുന്ന ന്യൂനപക്ഷാവകാശങ്ങളെ ബാധിക്കുന്നവിധം ആയിക്കൂട.

c) പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രത്യേകപരിഗണന കല്പിക്കണം. സാമൂഹ്യനീതിക്കു വേണ്ടി മാത്രമല്ല, സമൂഹത്തിന്റെ പരിവർത്തനത്തെ ത്വരിതമാക്കുമെന്നുള്ളതു കൊണ്ടും ഇതു് ആവശ്യമാകുന്നു.

d) പിന്നോക്കവർഗ്ഗങ്ങളിൽ-വിശേഷിച്ച് ഗോത്രവർഗ്ഗക്കാരിൽ-വിദ്യാഭ്യാസം പരിപോഷിപ്പിക്കുവാൻ തീവ്രതരമായ ശ്രമം വേണ്ടിയിരിക്കുന്നു.

e) ശാരീരികവും മാനസികവുമായ വൈകല്യം ബാധിച്ച കുട്ടികൾക്കായുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ വ്യാപകമാക്കണം. വികലാംഗരായ കുട്ടികളെ സാധാരണ സ്കൂളുകളിൽ ചേർന്നു പഠിക്കാൻ പ്രാപ്തരാക്കുന്ന ഏകീകൃതപരിപാടികൾ ആവിഷ്കരിക്കണം.

## 5) പ്രതിഭകളെ തിരിച്ചറിയൽ

വൈശിഷ്ട്യപരിപോഷണത്തിന്, നാനാമണ്ഡലങ്ങളിലുള്ള പ്രതിഭകളെ ആവുന്നത്ര ഇളപ്രായത്തിൽത്തന്നെ തിരിച്ചറിയുകയും, സംപൂർണ്ണമായ ഉന്നമനത്തിനു വേണ്ട എല്ലാ സൗകര്യങ്ങളും പ്രോത്സാഹനങ്ങളും അവർക്ക് പ്രദാനം ചെയ്യുകയും ചെയ്യേണ്ടതു് ആവശ്യമാണ്.

## 6) ശ്രമപരിചയവും ദേശസേവനവും

സമുചിതമായ കർമ്മപരിപാടികളിലൂടെയും പരസ്പരമുള്ള ആശ്രയ സേവനങ്ങളിലൂടെയും, പാഠശാലയെയും സമൂഹത്തെയും തമ്മിൽ കൂടുതൽ ഇണക്കേണ്ടതുണ്ട്. ശ്രമപരിചയവും ദേശസേവനവും വിദ്യാഭ്യാസത്തിന്റെ കാതലായൊരു ഭാഗമായിത്തീരണം. സമുദായസേവനത്തിനും രാഷ്ട്രപുനർനിർമ്മാണത്തിനും വേണ്ടിയുള്ള സമർത്ഥവും സാഹസികവുമായ കർമ്മപരിപാടികളിൽ പങ്കെടുക്കുന്നതും ദേശസേവനത്തിൽപ്പെടുന്നു. ഇത്തരം പരിപാടികളിൽ, സ്വാശ്രയശീലത്തിലും സ്വഭാവ രൂപീകരണത്തിലും സാമൂഹ്യമായൊരു ഉത്തരവാദിത്വബോധം വളർത്തിയെടുക്കുന്നതിലുമാണു ഊന്നൽ കൊടുക്കേണ്ടതു്.

## 7. ശാസ്ത്രീയവിദ്യാഭ്യാസവും ഗവേഷണവും

ദേശീയ സമ്പദ്‌വ്യവസ്ഥയെ അഭിവൃദ്ധമാക്കുക എന്ന ലക്ഷ്യത്തോടെ ശാസ്ത്രീയവിദ്യാഭ്യാസത്തിനും ഗവേഷണത്തിനും കാര്യമായ മുൻഗണന നൽകിയേ പറ്റൂ. സ്കൂൾവിദ്യാഭ്യാസഘട്ടത്തിന്റെ അവസാനംവരെ സാമാന്യവിജ്ഞാന



ത്തിന്റെ ഒരു സജീവഭാഗമായിരിക്കണം ശാസ്ത്രവും ഗണിതവും.

## 8. കൃഷിക്കും വ്യവസായത്തിനും ശിക്ഷണം

കൃഷിക്കും വ്യവസായത്തിനും വേണ്ടിയുള്ള വിദ്യാഭ്യാസത്തിനു സവിശേഷപ്രാധാന്യം ഉണ്ടായിരിക്കണം.

a) ഓരോ സംസ്ഥാനത്തിലും കുറഞ്ഞപക്ഷം ഒരു കാർഷികസർവ്വകലാശാലയെങ്കിലും ഉണ്ടായിരിക്കണം. ഇവ കഴിയുന്നിടത്തോളം ഒറ്റക്കാമ്പസ്സിലൊതുങ്ങുന്ന സർവ്വകലാശാലകളായാൽ കൊള്ളാം. എന്നാൽ ആവശ്യമായിടത്തു പല കാമ്പസ്സുകളിലായി ഘടകകോളേജുകൾ നടത്തുന്നതിൽ വിരോധമില്ല. വേണ്ടത്ര വിഭവങ്ങളുള്ള പ്രദേശങ്ങളിൽ കൃഷിയുടെ നാനാമുഖമായ പഠനങ്ങൾക്കായി സുസജ്ജമായ അധ്യയനവിഭാഗങ്ങൾ രൂപീകരിക്കാൻ മററു സർവ്വകലാശാലകളെ സഹായിക്കേണ്ടതാണ്.

b) സാങ്കേതികവിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം വ്യവസായങ്ങളിലുള്ള പ്രായോഗിക പരിശീലനമായിരിക്കണം അത്തരം ശിക്ഷണത്തിന്റെ മുഖ്യഭാഗം. സാങ്കേതിക വിദ്യാഭ്യാസത്തെയും ഗവേഷണത്തെയും വ്യവസായങ്ങളോട് അന്വയിച്ചിരിക്കണം. ഇരുവഴിക്കും സാങ്കേതികവൈദഗ്ധ്യംകൈമാറുന്നതിനെ പ്രോത്സാഹിപ്പിക്കണം. പരിശീലനപരിപാടികളുടെയു, സൗകര്യങ്ങളുടെയും രൂപീകരണത്തിലും സംവിധാനത്തിലും ക്രമമായ വിലയിരുത്തലിലും ഇരുവിഭാഗങ്ങളെയും നിരന്തരം സഹകരിക്കാൻ അനുവദിക്കണം.

c) രാജ്യത്തെ കാർഷികവും വ്യാവസായികവും സാങ്കേതികവുമായ മണ്ഡലങ്ങളിൽ ആവശ്യമുള്ള വിദഗ്ധന്മാരുടെ സംഖ്യയെപ്പററി കൂടെക്കൂടെ ഒരു വിലയിരുത്തൽ നടത്തേണ്ടതാണ്. സാങ്കേതിക വിദ്യാലയങ്ങളിൽ നിന്നു പുറത്തു വരുന്നവരുടെ എണ്ണവും നിയമനത്തിനുള്ള സൗകര്യങ്ങളുടെ എണ്ണവും തമ്മിൽ ഒരു സന്തുലനം നിലനിർത്താൻ നിരന്തരമായ ശ്രമം ആവശ്യമത്രേ.

## 9. പുസ്തകനിർമ്മാണം

ഗ്രന്ഥകാരന്മാർക്ക് പ്രചോദനവും പ്രതിഫലവും നൽകുന്നൊരു ഉദാരനയം വഴി ഉത്തമപ്രതിഭകളെ ഗ്രന്ഥനിർമ്മാണത്തിലേക്ക് ആകർഷിക്കുകയും അങ്ങനെ പാഠ്യപുസ്തകങ്ങളുടെ ഗുണം വർദ്ധിപ്പിക്കുകയും ചെ

യ്യേണ്ടതാണ്, സ്കൂളുകളിലെയും സർവ്വകലാശാലകളിലെയും ഉപയോഗത്തിന്നായി ഉന്നതനിലവാരമുള്ള പാഠ്യപുസ്തകങ്ങൾ നിർമ്മിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. തുടരെത്തുടരെ പാഠ്യപുസ്തകങ്ങൾ മാറുന്ന സമ്പ്രദായം ഒഴിവാക്കണം; സാധാരണക്കാരായ കുട്ടികൾക്ക് സ്വന്തമായി വാങ്ങാൻ പാകത്തിന് കുറഞ്ഞ വിലയേ പാഠ്യപുസ്തകങ്ങൾക്ക് ചുമത്താൻ പാടുള്ളു.

വ്യാപാരാടിസ്ഥാനത്തിൽ സ്വശാസിതമായ പുസ്തകകോപ്പറേഷനുകൾ സ്ഥാപിക്കുവാനുള്ള സാദ്ധ്യതകൾ പരിശോധിക്കണം; രാജ്യത്തെല്ലായിടത്തും പൊതുവായി ചില അടിസ്ഥാനപാഠ്യപുസ്തകങ്ങൾ നടപ്പാക്കുന്നതിനും ശ്രമിക്കണം. കുട്ടികൾക്ക് വേണ്ടിയുള്ള പുസ്തകങ്ങൾക്കും, പ്രാദേശിക ഭാഷകളിൽ സർവ്വകലാശാലാ നിലവാരത്തിലുണ്ടാകുന്ന പുസ്തകങ്ങൾക്കും പ്രത്യേക പരിഗണന കൊടുക്കണം.

## 10. പരീക്ഷകൾ

പരീക്ഷകളുടെ വിശ്വാസ്യതയും വിലയും വർദ്ധിപ്പിക്കുക എന്നതായിരിക്കണം പരീക്ഷാപരിഷ്കാരങ്ങളുടെ പ്രധാന ഉന്നം. ഒരു പ്രത്യേകനിമിഷത്തിലെ വിദ്യാർത്ഥികളുടെ പ്രവൃത്തികൗശലത്തിന്ന് സർട്ടിഫിക്കറ്റു നൽകുക എന്നതിൽ കവിഞ്ഞ്; തന്റെ നേട്ടത്തിന്റെ നിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിൽ അയാളെ ഓരോ ഘട്ടത്തിലും സഹായിക്കുക എന്ന ലക്ഷ്യത്തോടെ പരീക്ഷകൾ ഒരു നിരന്തരപ്രക്രിയയായി മാറേണ്ടിയിരിക്കുന്നു.

## 11. സെക്കൻഡറി വിദ്യാഭ്യാസം

a) സെക്കൻഡറി തലത്തിലും ഉപരിതലത്തിലുമുള്ള വിദ്യാഭ്യാസസൗകര്യം സാമൂഹ്യപരിവർത്തനത്തിനുള്ള ഒരു മുഖ്യോപാധിയാകുന്നു. അതിനാൽ സെക്കൻഡറി വിദ്യാഭ്യാസസൗകര്യങ്ങൾ പണ്ടു നിഷേധിക്കപ്പെട്ടിരുന്ന പ്രദേശങ്ങളിലേക്കും ജനവർഗ്ഗങ്ങളിലേക്കും അവയെ സാഹസികബുദ്ധിയോടെ വ്യാപിപ്പിക്കേണ്ടതാണ്.

b) വിദ്യാഭ്യാസത്തിന്റെ ഈ തലത്തിൽ, സാങ്കേതിക തൊഴിൽ ശിക്ഷണങ്ങൾക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതു് അത്യാവശ്യമത്രേ. സെക്കൻഡറി തൊഴിൽ വിദ്യാഭ്യാസസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതു്, വികസ്വര സമ്പദ്‌വ്യവസ്ഥയുടെയും യഥാർത്ഥനിയമനസൗകര്യങ്ങളുടെയും ആവശ്യങ്ങളെ കൂടി വിശാലമായി ബന്ധപ്പെടുത്തി കണക്കിലെടുത്തുകൊണ്ടു വേണം. സെക്കൻഡറിതലത്തിലുള്ള സാങ്കേതികതൊഴിൽ വിദ്യാഭ്യാസം വേണ്ടത്ര ഫലപ്രദമാവാൻ അത്തരമൊരു ബന്ധപ്പെടുത്തൽ കൂടിയേ കഴിയൂ. കൃഷി, വ്യവസായം, വ്യാപാരവാണിജ്യങ്ങൾ, ചികിത്സ, പൊതുജനാരോഗ്യം, ഗൃഹഭരണം, കലകൾ, കൈത്തൊഴിലുകൾ, സെക്രട്ടേറിയൽ പരിശീലനം തുടങ്ങിയ നാനാമണ്ഡലങ്ങളെ ഉൾക്കൊള്ളത്തക്കവിധം വിവിധീകൃതമായിരിക്കണം സാങ്കേതിക തൊഴിൽ വിദ്യാഭ്യാസത്തിന്നുള്ള ഏർപ്പാടുകൾ.

## 12. സർവ്വകലാശാലാ വിദ്യാഭ്യാസം

a) ലൈബ്രറി—ലാബറട്ടറി സൗകര്യങ്ങളെയും അദ്ധ്യാപകരുടെ എണ്ണത്തെയും കണക്കിലെടുത്തുകൊണ്ടു വേണം, സർവ്വകലാശാലാ വിഭാഗങ്ങളിലോ കോളേജുകളിലോ പ്രവേശനം നൽകേണ്ട മുഴുവൻ സമയവിദ്യാർത്ഥികളുടെ എണ്ണം നിശ്ചയിക്കുക.

b) പുതിയ സർവ്വകലാശാലകൾ സ്ഥാപിക്കുന്ന കാര്യത്തിൽ അങ്ങേയറ്റം ശ്രദ്ധ ചെലുത്തിയിരിക്കണം. വേണ്ടത്ര സാമ്പത്തികഭദ്രത ഉണ്ടെന്നു ഉറപ്പു വരുത്തുകയും, സമുചിതമായ നിലവാരം പുലർത്താൻ കഴിയുമെന്നു തീർച്ചപ്പെടുകയും ചെയ്തശേഷമേ അവ ആരംഭിക്കാവൂ.

c) ബിരുദാനന്തരകോഴ്സുകൾ രൂപീകരിക്കുന്നതിലും, ഈ തലത്തിൽ ഗവേഷണപരിശീലനങ്ങളുടെ നിലവാരമുയർത്തുന്നതിലും പ്രത്യേകം ശ്രദ്ധ ചെലുത്തണം.

d) പ്രൗഢപഠനത്തിനുള്ള കേന്ദ്രങ്ങളെ പരിപോഷിപ്പിക്കണം. ഗവേഷണത്തിലും പരിശീലനത്തിലും അത്യുന്നത നിലവാരം ലക്ഷ്യീകരിച്ചിട്ടുള്ള കുറേ "കേന്ദ്രസമൂഹ"ങ്ങൾ കൂടി സ്ഥാപിക്കുന്നതു നന്നായിരിക്കും.

e) പൊതുവേ സർവ്വകലാശാലകളിലെ ഗവേഷണത്തിന് വർദ്ധിച്ചതോതിൽ സഹായം നൽകേണ്ട ആവശ്യമുണ്ട്. ഗവേഷണസ്ഥാപനങ്ങൾ കഴിയുന്നത്ര സർവ്വകലാശാലകളുടെ പരിധികളുള്ളിലോ, അവയുമായി അടുത്ത സഹയോഗത്തിലോ വർത്തിക്കുന്നവയാകണം.

## 13. പാർട്ട്ടൈം വിദ്യാഭ്യാസവും കറസ്പോണ്ടൻസ് കോഴ്സുകളും

സർവ്വകലാശാലാതലത്തിൽ പാർട്ട്ടൈം വിദ്യാഭ്യാസവും കറസ്പോണ്ടൻസ് കോഴ്സുകളും വലിയൊരളവിൽ അഭിവൃദ്ധിപ്പെടുത്തേണ്ടതാകുന്നു. സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും, കർഷകർക്കും, വ്യവസായത്തൊഴിലാളികൾക്കും മററും വേണ്ടി ഇത്തരം സൗകര്യങ്ങൾ വിപുലീകരിക്കണം. പാർട്ട്ടൈം കോഴ്സിലൂടെയും, കറസ്പോണ്ടൻസ് കോഴ്സിലൂടെയുമുള്ള വിദ്യാഭ്യാസത്തിന്ന് സാധാരണ മുഴുവൻ സമയ വിദ്യാഭ്യാസത്തിനുള്ള അതേ പദവിതന്നെ കല്പിച്ചു കൊടുക്കേണ്ടതുണ്ട്. പാഠശാലയിൽ നിന്നും പണിശാലയിലേക്കുള്ള പരിവർത്തനം സുഗമമാക്കാനും, വിദ്യാഭ്യാസം സാർവ്വത്രികമായി പ്രചരിക്കാനും ഇത്തരം പരിപാടികൾ സഹായിക്കും. മാത്രമല്ല. സ്വയം തുടർന്ന് പഠിക്കാനാഗ്രഹമുണ്ടെങ്കിൽ കൂടി മുഴുവൻ സമയവുമതിന്ന ചെലവാക്കാൻ നിവൃത്തിയില്ലാത്ത ബഹുഭൂരിപക്ഷം ജനങ്ങൾക്ക് അഭിവൃദ്ധിയുടെ വാതിൽ തുറന്നു കൊടുക്കാൻ ഇതു പ്രയോജനപ്പെടാതിരിക്കില്ല.

## 14. സാക്ഷരതാപ്രചാരവും വയോജന വിദ്യാഭ്യാസവും

a) ബഹുജനങ്ങളുടെ നിരക്ഷരതയെ തുടച്ചുമാററണ്ടതു് അത്യാവശ്യമാകുന്നു. ജനാധിപത്യസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ അധികമധികമാളുകളെ പങ്കെടുപ്പിക്കാനും, ഉല്പാദനപദ്ധതികളെ വിശേഷിച്ചു കൃഷിരംഗത്തുള്ളവയെ ത്വരിപ്പിക്കാനും മാത്രമല്ല, പൊതുവേ ദേശീയ വികസനത്തിൻെറ ഗതി ചടുലമാക്കാൻതന്നെയും ഇതു കൂടിയേ കഴിയൂ. വലിയ വ്യാപാര കേന്ദ്രങ്ങളിലും വ്യവസായസ്ഥാപനങ്ങളിലും മററുമുള്ള തൊഴിലാളികളെ എത്രയും വേഗം സാക്ഷരരാക്കിത്തീർക്കണം. പൊതുമേഖലയിലുള്ള വ്യവസായ സംരംഭങ്ങളാണ് ഈ വഴിക്ക് മുൻകയ്യെടുക്കേണ്ടതു്. സാക്ഷരതാ പ്രസ്ഥാനങ്ങൾ സംഘടിപ്പിക്കുന്നതിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും ഊർജ്ജിതമായി പങ്കെടുക്കണം. വിദ്യാലയങ്ങളിലെ സാമൂഹ്യ ദേശീയ സേവനപരിപാടിയുടെ ഒരു ഭാഗമെന്ന നിലയ്ക്ക് ഇതിന് വലിയൊരു സ്ഥാനം കല്പിക്കേണ്ടതുണ്ട്.

b) കൃഷിപ്പണിയിൽ പ്രവേശിച്ചിട്ടുള്ള ചെറുപ്പക്കാരെ വി



ദ്യാഭ്യാസം ചെയ്യിക്കുന്നതിലും, യുവാക്കളെ സ്വാശ്രയതൊഴിൽ നേടാൻ പരിശീലിപ്പിക്കുന്നതിലും സവിശേഷശ്രദ്ധ ചെലുത്തിയിരിക്കണം.

## 15. കളികളും കായിക വിനോദങ്ങളും

ശരാശരി വിദ്യാർത്ഥികളുടെയും കായികനൈപുണ്യമുള്ളവരുടെയും ശാരീരികമായ പ്രാപ്തിയും കായികകലാദക്ഷതയും പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, കളികളും കായികവിനോദങ്ങളും വലിയൊരളവിൽ വളർത്തിക്കൊണ്ടു വരണം. കായിക വിദ്യാഭ്യാസത്തിനു വേണ്ടി രാജ്യവ്യാപകമായൊരു പദ്ധതി ആസൂത്രണം ചെയ്യാനാവശ്യമായ കളിസ്ഥലങ്ങളും ഇതര സൗകര്യങ്ങളും നിലവിലില്ലാത്ത സ്ഥലങ്ങളിൽ ഇവ അടിയന്തിരമായി അനുവദിക്കേണ്ടിയിരിക്കുന്നു.

## 16. ന്യൂനപക്ഷ വിദ്യാഭ്യാസം

ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ സംരക്ഷിക്കാൻ മാത്രമല്ല, അവരുടെ വിദ്യാഭ്യാസപരമായ എല്ലാ താത്പര്യങ്ങളെയും പരിപോഷിപ്പിക്കുവാനും അങ്ങേയററം ശ്രമം നടത്തണം. 1961 ആഗസ്റ്റിൽ കൂടിയ സംസ്ഥാന മുഖ്യമന്ത്രിമാരുടെയും കേന്ദ്രമന്ത്രിമാരുടെയും സമ്മേളനം പുറപ്പെടുവിച്ച പ്രസ്താവനയിലെ ഏതദ്വിഷയകമായ നിർദ്ദേശങ്ങൾ ഇതിനു മാർഗ്ഗദർശനമായി സ്വീകരിക്കാം.

## 17. വിദ്യാഭ്യാസഘടന

രാജ്യത്തിൻെറ എല്ലാ ഭാഗത്തും വിശാലമായി ഏകരൂപമായൊരു വിദ്യാഭ്യാസഘടന ഉണ്ടാകുന്നതു് ഗുണകരമത്രേ. 10+2+3 സമ്പ്രദായം സ്വീകരിക്കുകയാവണം ആത്യന്തികമായ ലക്ഷ്യം. ഇതിൽ രണ്ടു് വർഷത്തെ ഹയർ സെക്കൻഡറി ശിക്ഷണതലം സ്കൂളിലോ, കോളേജിലോ, രണ്ടിലുമായിട്ടോ നടപ്പാക്കാം; അതാതിടങ്ങളിലെ സൗകര്യമനുസരിച്ച്.

5 മേൽ വിവരിച്ച പ്രകാരമുള്ള വിദ്യാഭ്യാസപുനസ്സംഘടനം നടപ്പാക്കാൻ ഇന്നു ചെലവിടുന്നതിലധികം ധനം നീക്കിവയ്ക്കേണ്ടിവരും. കഴിവതും വേഗം വിദ്യാഭ്യാസത്തിനുള്ള നീക്കിവയ്പ്പ് ദേശീയവരുമാനത്തിൻെറ 6 ശതമാനമാക്കി ഉയർത്താൻ പാകത്തിന്, വിദ്യാഭ്യാസരംഗത്തെ മുതൽമുടക്ക പടിപടിയായി വർദ്ധി

പ്പിച്ചുകൊണ്ടു വരുക ആയിരിക്കണം ഗവണ്മെൻറിന്റെ ഉന്നം.

6. വിദ്യാഭ്യാസ പുനസ്സംഘടനം ഒരെളുപ്പവിദ്യയല്ലെന്നു ഇന്ത്യാഗവണ്മെൻറു മനസ്സിലാക്കുന്നു. വിഭവങ്ങളുടെ അപര്യാപ്തത മാത്രമല്ല പ്രശ്നങ്ങളുടെ അത്യന്തസങ്കീർണ്ണത കൂടി ഇതിനു കാരണമാണ്. ഭൗതികവിഭവങ്ങളുടെയും മനുഷ്യസമ്പത്തിന്റെയും അഭിവൃദ്ധിയിൽ വിദ്യാഭ്യാസവും ശാസ്ത്രവും ഗവേഷണവും വഹിക്കുന്ന മുഖ്യപ്രധാനമായ പങ്കിനെ കണക്കിലെടുത്തുകൊണ്ടു്, ഇന്ത്യാഗവണ്മെൻറ് കേന്ദ്രതലത്തിൽ പദ്ധതികൾ നടപ്പാക്കുന്നതിനു പുറമേ, കേന്ദ്രസംസ്ഥാന സഹകരണം ആവശ്യമായിട്ടുള്ള സുപ്രധാനദേശീയ പരിപാടികളുടെ വികസനത്തിൽ സംസ്ഥാന ഗവണ്മെൻറുകളെ സഹായിക്കുകയും ചെയ്യുന്നതാണ്.

7. കൂടാതെ അയ്യഞ്ചുകൊല്ലം കൂടുമ്പോൾ ഇന്ത്യാഗവണ്മെൻറ് ഈ രംഗത്തുണ്ടായിട്ടുള്ള പുരോഗതിയെ വിലയിരുത്തുന്നതും, ഭാവിയിൽ വികസനത്തിന്നാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ശുപാർശ ചെയ്യുന്നതുമായിരിക്കും.

---

വിദ്യാഭ്യാസ വിപ്ലവദിനത്തോടനുബന്ധിച്ച് ആഗസ്റ്റ് 8-ാംതീയതി ഗാന്ധിഭവനിൽ നടത്തിയ സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധം.

1. Central Subjects.
2. University Council.
3. Eng. Col. Sc. & Technology.
4. Education Inst.



VIVEKANANDA PRESS, JAGATHY, TRIVANDRUM-14